# ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രെഡിറ്റ് സ്കീം ഉപനിബന്ധനകൾ

1. ഈ സ്കീമിന്റെ പേര് മാടപ്പള്ളി സർവ്വീസ് സഹകരണന ബാങ്ക് ഡെപ്പോസിറ്റ് & ക്രെഡിറ്റ് സ്കീം എന്നാകുന്നു.

2. നിർവ്വചനങ്ങൾ

   1. ബാങ്ക് :- ബാങ്ക് എന്നാൽ മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 160, പെരുമ്പനച്ചി എന്നായിരിക്കും
   2. സ്കീം :- സ്കീം എന്നാൽ ഗ്രൂപ്പ് ഡെപ്പോസിറ്റ് ആൻഡ് ക്രെഡിറ്റ് സ്കീം (ജി.ഡി. ആന്റ് സി. സ്കീം) എന്നായിരിക്കും.

3. ഈ സ്കീമിലെ ഓരോ ഗ്രൂപ്പിന്റെയും കാലാവധി 25/30/40/50/60 മാസം വരെ ആയിരിക്കുന്നതാണ്. ഒരേ തുക മുതൽ വരുന്ന 25/30/40/50/60/100 യൂണിറ്റുകൾ ചേർന്നുള്ളതാണ് ഒരു ഗ്രൂപ്പ്. 100000/50000/25000/24000/15000 എന്നിങ്ങനെ മുതൽ വരുന്ന ഗ്രൂപ്പുകളായിട്ടാണ് ആരംഭിക്കുന്നത്.

4. ഈ പദ്ധതിയിൽ അംഗമാകുന്ന നിക്ഷേപകൻ നിക്ഷേപസംഖ്യ മുടക്കംകൂടാതെ മാസംതോറും അടച്ച് ഈ സ്കീം അവസാനിപ്പിക്കേണ്ടതാണ്. മുടക്കമില്ലാതെ സ്കീം പൂർത്തിയാക്കി 30 ദിസത്തിനുശേഷം ബാങ്ക് കമ്മീഷൻ 5% കഴിച്ച് ബാക്കി തുക ഓരോ നിക്ഷേപകനും നൽകുന്നതായിരിക്കും.

5. ഈ സ്കീമിലെ നിക്ഷേപകർക്ക് നിക്ഷേപവായ്പ അനുവദിക്കുന്നതായിരിക്കും. ഓരോ തവണയും ബാങ്ക് കമ്മീഷൻ 5% പുറമേ സ്കീമിലെ നിക്ഷേപ സംഖ്യയുടെ 25%ത്തിൽ അധികരിക്കാതെ ഏറ്റവും കൂടുതൽ സംഖ്യ ബോണസ് കമ്മീഷനായി നൽകുന്ന നിക്ഷേപകനെ സ്കീമിലെ അംഗങ്ങളുടെ പരസ്പരണ ധാരണയിലൂടെ/നറുക്കെടുപ്പിലൂടെ നിശ്ചയിച്ച് ആ നിക്ഷേപകന് വായ്പ സംഖ്യ അനുവദിക്കുന്നതായിരിക്കും.

6. ഈ സ്കീമിലെ വായ്പകൾക്ക് ഓഹരി അനുപാതം ബാധകമായിരിക്കുന്നതല്ല. എന്നാൽ സ്കീമിൽ ചേരുന്നതിനും ജാമ്യം നൽകുന്നതിനും നിക്ഷേപകൻ ഒരു നോമിനൽ അംഗമെങ്കിലും ആയിരിക്കേണ്ടതാണ്.

7. ഒരു മാസം ഒരു സ്കീമിൽ ഒരു നിക്ഷേപകനുമാത്രമെ വായ്പ അനുവദിക്കുകയുള്ളൂ.

8. മേൽപ്രകാരം വായ്പ നൽകുമ്പോൾ ഓരോ നിക്ഷേപകനും ബോണസ് കമ്മീഷനായി ഉപേക്ഷിക്കുന്ന സംഖ്യ വായ്പ എടുത്തവർക്കും എടുക്കാത്തവർക്കും തുല്യമായി നൽകുന്നതായിരിക്കും. ഈ ബോണസ് കമ്മീഷൻ സംഖ്യ കഴിച്ച് ബാക്കി സംഖ്യ മാത്രം നിക്ഷേപസംഖ്യയായി മേൽത്തവണയ്ക്ക് നിക്ഷേപകർ അടച്ചാൽ മതിയാവുന്നതാണ്.

8(എ) മേൽ 8 വകുപ്പുപ്രകാരം വായ്പയ്ക്ക് അപേക്ഷിച്ച് അർഹനാകുന്ന അംഗം ബോണസ്സ് കമ്മീഷനായി ഉപയോഗിക്കുന്ന തുക ഗ്രൂപ്പിലെ മറ്റംഗങ്ങൾക്ക് വീതിച്ചു നൽകുന്നതിനാൽ സ്വീകാര്യമായ ജാമ്യം നൽകി വായ്പത്തുക യഥാസമയം കൈപ്പറ്റേണ്ടതാണ്. വായ്പയ്ക്ക് അർഹമായ തീയതി മുതൽ 60 ദിവസത്തിനകം ഇപ്രകാരം തുക കൈപ്പറ്റാത്ത പക്ഷം ബാങ്ക് ഈ തുക ഒരു പ്രത്യേക സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതും അംഗം പദ്ധതിയിലേക്കുള്ള ഗഡുക്കൾ അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയാൽ ഈ അക്കൗണ്ടിൽനിന്നും തുക പിൻവലിച്ച് മാസഗഡുക്കൾ വരവുവയ്ക്കുന്നതുമാണ്. പദ്ധതി പൂർത്തിയാവുന്നതിനുമുമ്പ് എപ്പോൾ വേണമെങ്കിലും സ്വീകാര്യമായ ജാമ്യം നൽകി ഈ അക്കൗണ്ടിലെ ബാക്കിനിൽപ്പ് അംഗത്തിന് കൈപ്പറ്റാവുന്നതാണ്. കാലാവധി പൂർത്തിയാകുമ്പോൾ ഈ അക്കൗണ്ടിലെ ബാക്കി നിൽപ്പ് അംഗത്തിന് നൽകാവുന്നതുമണ്. എപ്പോഴെങ്കിലും മാസഗഡുക്കൾ അടയ്ക്കുന്നതിൽ അംഗം വീഴ്ചവരുത്തുകയും അക്കൗണ്ടിലെ ബാക്കി നിൽപ്പ് ഗഡുക്കൾ അടച്ചുതീർക്കുവാൻ മതിയാകാതെയും വരുമ്പോൾ ബാങ്ക് അറിയിപ്പ് നൽകുന്ന മുറയ്ക്ക് തർക്കംകൂടാതെ ആവശ്യമായ തുക ബാങ്കിൽ അടയ്ക്കേണ്ടതാണ്. അപ്രകാരം അടയ്ക്കാത്തപക്ഷം ആയത് വായ്പക്കുടിശ്ശികപോലെ കണക്കാക്കി കാലാകാലങ്ങളിൽ വായ്പയ്ക്കുള്ള പലിശയും ഇതര ചെലവുകളുമടക്കം അംഗമായ നിക്ഷേപകന്റെ സ്ഥാവര ജംഗമസ്വത്തുക്കളിൽ നിന്നും ഈടാക്കിയെടുക്കുവാൻ ബാങ്കിന് അവകാശമുണ്ടായിരിക്കുന്നതാണ്.

9. ഓരോ ഗ്രൂപ്പിലെയും ഒരംഗത്തിന് നിക്ഷേപ പദ്ധതിയുടെ ഒരു യൂണിറ്റിൽ കൂടുതൽ നിക്ഷേപത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

10. ബാങ്കിന്റെ ബ്രാഞ്ച് ഓഫീസുകളിൽവച്ച് നടത്തുന്ന ഈ സ്കീമിന്റെ ഓരോ ഗ്രൂപ്പിന്റെയും നറുക്കെടുപ്പ് തീയതിയും സമയവും ബാങ്ക് ഭരണസമിതി തീരുമാനിക്കുന്നതാണ്. നറുക്കെടുപ്പ് ദിവസം ശനിയാഴ്ചയോ ബാങ്ക് അവധിദിവസമോ ആയിരുന്നാൽ അടുത്ത പ്രവർത്തിദിവസം നറുക്കെടുപ്പ് നടത്തുന്നതാണ്.

11. സ്കീമിൽ ചേർന്ന് നറുക്ക് കിട്ടിയതും കിട്ടാത്തതുമായ അംഗങ്ങൾ തവണകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ കുടിശ്ശിക തുകയ്ക്ക് ഈ ഗ്രൂപ്പ് സ്കീം തുടങ്ങുന്ന ദിവസം ബാങ്കിൽ നിലവിലുള്ള സാധാരണ വായ്പയുടെ പലിശനിരക്കിൽ പലിശ ഈടാക്കുന്നതാണ്.

12. അതാതുമാസം അടയ്ക്കേണ്ട തുക നറുക്കെടുപ്പ് സമയത്തിനുമുമ്പ് ബാങ്കിലടച്ച് രസീത് വാങ്ങേണ്ടതാണ്. ഇപ്രകാരം ചെയ്യാത്തവരെ നറുക്കെടുപ്പിൽ ഉൾപ്പെടുത്താത്തതും നറുക്ക് വീണ അംഗത്തിന് നറുക്കെടുപ്പ് തീയതി മുതൽ 30 ദിവത്തിനുശേഷം ബാങ്കിന് ബോധ്യമാകുന്ന രീതിയിൽ മതിയായ ജാമ്യം കൊടുത്ത് തുക വാങ്ങാവുന്നതുമാണ്.

13. നറുക്കെടുപ്പിൽ പങ്കെടുക്കുന്നതിന് നറുക്കെടുപ്പ് സമയത്ത് സ്കീമിൽ ചേർന്നിരിക്കുന്ന അംഗമോ രേഖാമൂലം അധികാരിപ്പെടുത്തിയ പ്രതിനിധിയോ നേരിട്ട് ഹാജരാകുകയോ അല്ലാത്ത പക്ഷം ബ്രാഞ്ച് മാനേജരെ ചുമതലപ്പെടുത്തിക്കൊണ്ട് രേഖാമൂലം എഴുതിക്കൊടുക്കുകയോ ചെയ്യേണ്ടതാണ്. അപ്രകാരം ചെയ്യാത്തപക്ഷം ടി അംഗത്തിന്റെ പേർ നറുക്കെടുപ്പിൽ ഉൾപ്പെടുത്തുന്നതല്ല.

14. മേൽ 13-ാം വകുപ്പിൽ പറയുന്ന പ്രകാരം നറുക്കെടുപ്പിൽ പങ്കെടുക്കുന്നതിന് ആരും ഇല്ലാതെ വരുന്ന പക്ഷം കുടിശികയില്ലാതെ നിലവിലുള്ള അംഗങ്ങളുടെ പേരുകൾ നറുക്കെടുത്ത് തുക ലഭിക്കേണ്ട അംഗത്തെ നിശ്ചയിക്കുന്നതായിരിക്കും.

15. സ്കീം വായ്പ ലഭിക്കുന്നതിന് നിക്ഷേപകൻ ബാങ്കിന്റെ നിശ്ചിത ഫാറത്തിൽ അപേക്ഷിക്കേണ്ടതാണ്.

16. ബാങ്ക് തീരുമാനിക്കുന്ന പ്രകാരം മിതമായ ജാമ്യത്തിന്മേൽ വായ്പ അനുവദിക്കാവുന്നതാണ്. ബാങ്കിലെ അംഗങ്ങളായ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ജാമ്യത്തിലോ, വസ്തു ജാമ്യത്തിലോ, സ്വർണ്ണാഭരണം, സ്ഥിരനിക്ഷേപം എന്നിവയുടെ ജാമ്യത്തിലോ ബാങ്കിന്റെ യുക്താനുസരണം വായ്പ അനുവദിക്കാവുന്നതാണ്. സ്വർണ്ണാഭരണം ജാമ്യമായി നൽകുന്നവർ ആവശ്യമായത്ര സ്വർണ്ണാഭരണവും സ്ഥിരനിക്ഷേപമാണെങ്കിൽ പദ്ധതിയുടെ കാലാവധി വരെയുള്ള നിക്ഷേപവുമായിരിക്കേണ്ടതാണ്. മേൽ തിരിച്ചടയ്ക്കേണ്ട തുക 25,000 രൂപ വരെ വരുന്ന വായ്പകൾ മതിയായ രണ്ട് സാധാരണ അംഗങ്ങളുടെ ജാമ്യത്തിലും, 25,001 രൂപ മുതൽ 50,000 രൂപവരെ മേൽതിരിച്ചടയ്ക്കേണ്ട തുകയുള്ള വായ്പകൾ ഒരു സാധാരണ അംഗത്തിന്റെയും, അംഗമായ ഒരു സർക്കാർ, അർദ്ധസർക്കാർ ജീവനക്കാരന്റെയും സാലറി സർട്ടിഫിക്കറ്റിന്റെ ജാമ്യത്തിൽ നൽകാവുന്നതാണ്. എന്നാൽ 50,001 രൂപാ മുതൽ 1,00,000 രൂപാ വരെ മേൽതിരിച്ചടയ്ക്കേണ്ട തുകയുള്ള വായ്പകൾ ബാങ്കിലെ അംഗങ്ങളായ രണ്ടിൽ കുറയാതെയുള്ള കേന്ദ്ര/സംസ്ഥാന/സർക്കാർ/അർദ്ധസർക്കാർ ഉദ്യോഗസ്ഥരുടെ സാലറി സർട്ടിഫിക്കറ്റിന്റെ ജാമ്യത്തിലോ വസ്തു ജാമ്യത്തിലോ മാത്രമെ നൽകുകയുള്ളൂ.

16(എ) ഈട് അല്ലെങ്കിൽ ജാമ്യം സംബന്ധിച്ച് മേൽവിവരിച്ച വ്യവസ്ഥകൾ പാലിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അത്തരത്തിലുള്ള അംഗങ്ങൾ അപേക്ഷിക്കുന്ന പക്ഷം ബാങ്കിലെ അംഗങ്ങളായ ആദായനികുതി റിട്ടേണുകൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥരല്ലാത്ത വരുമാനക്കാർ, മതിയായ തുക പെൻഷനായി ലഭിക്കുന്ന പെൻഷൻകാർ തുടങ്ങിയവരുടെ ജാമ്യം സ്വീകരിച്ചുകൊണ്ട് മുൻകൂർ വായ്പ ഭരണസമിതിക്ക് അനുവദിക്കാവുന്നതാണ്.

17. ഈ സ്കീമിൽ ചേർന്ന് നറുക്കുവീഴാത്ത ഒരംഗം മൂന്നുതവണയിലധികം തുടർച്ചയായി കുടിശ്ശിക വരുത്തിയാൽ ടി അംഗത്തിന് നോട്ടീസ് നൽകിയതിനുശേഷം പകരം മറ്റൊരാളെ സ്കീമിൽ ഉൾപ്പെടുത്തുന്നതിനോ ബാങ്ക് നേരിട്ട് എടുത്ത് നടത്തുന്നതിനോ ബാങ്കിനധികാരമുണ്ടായിരിക്കും. അപ്രകാരം നീക്കംചെയ്യപ്പെടുന്ന നിക്ഷേപകന് ബോണസിന് അർഹതയുണ്ടായിരിക്കുന്നതല്ലാത്തതും സ്കീമിൽ രൊക്കം അടച്ച സംഖ്യയ്ക്കുമാത്രം അർഹത ഉണ്ടായിരിക്കുന്നതുമാണ്. ഈ തുക സ്കീമിന്റെ കാലാവധിക്കു ശേഷം മാത്രമേ തിരിച്ചു നൽകുകയുള്ളൂ.

18. സ്കീം വായ്പ വാങ്ങിയ ശേഷം നിക്ഷേപസ്കീം മുടക്കം വരുത്തുന്ന നിക്ഷേപകനിൽനിന്നോ, ടിയാന്റെ ജാമ്യക്കാരിൽനിന്നോ, അവരുടെ മറ്റ് സ്ഥാവര ജംഗമ വസ്തുക്കളിൽനിന്നോ ഈ സ്കീം അവസാനിക്കുന്നതിനുമുമ്പോ അവസാനിച്ച ശേഷമോ മുഴുവൻ വായപതുകയും പലിശ, മറ്റ് ചെലവുകൾ ഉൾപ്പെടെയുള്ള തുക ഒന്നാകെ സഹകരണസംഘം ആക്ടിനും റൂളിനും വിധേയമായി ഈടാക്കിയെടുക്കുന്നതിന് ബാങ്കിന് അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.

19. സ്കീം നിക്ഷേപകന് ബാങ്കിലേക്ക് സ്വന്തം നിലയിലോ ജാമ്യം നിന്ന നിലയിലോ ബാദ്ധ്യത നിൽക്കുന്നെങ്കിൽ സ്കീം നിക്ഷേപസംഖ്യ ടി ബാദ്ധ്യതയിലേക്ക് തട്ടിക്കിഴിക്കുവാൻ ബാങ്കിന് അധികാരമുണ്ട്.

20. ഈടുതരുന്ന വസ്തുക്കൾ നോക്കിക്കണ്ട് തീരുമാനിക്കുന്നതിനും വസ്തു ബാദ്ധ്യതകളെപ്പറ്റി അന്വേഷിക്കുന്നതിനും മറ്റും വേണ്ടിവരുന്ന ചെലവുകളും, രജിസ്റ്റർ ഫീസ്, എഴുത്തുഫീസ് മുതലായവയും അതാത് വായ്പാ സ്കീം വായ്പക്കാരൻതന്നെ വഹിക്കേണ്ടതാണ്.

21. ഈ സ്കീമിൽ ചേർന്ന് നറുക്കുവീഴാത്ത ഒരംഗത്തിന് സ്കീമിൽ അംഗം അടച്ചിട്ടുള്ള ആകെ തുകയുടെ 80% വരെ നിലവിലുള്ള സാധാരണ വായ്പയുടെ പലിശനിരക്കിൽ അഡ്വാൻസ് അനുവദിക്കുന്നതാണ്. നറുക്കുവീണ് പണം പറ്റുമ്പോഴോ അതിനുമുമ്പോ ടി അഡ്വാൻസ് കണക്ക് അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ ഒരുമാസം ഒന്നിൽ കൂടുതൽ പേർക്ക് വായ്പ അനുവദിക്കുന്നതല്ല.

22. ഈ സ്കീമിന്റെ നിബന്ധനകളിൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരം അതാത് ഭരണസമിതിയിൽ നിക്ഷിപ്തമാണ്. ടി ഭേദഗതികൾക്ക് ബഹു. സഹകരണസംഘം ജോയിന്റ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്.

23. ഈ സ്കീമിന്റെ കമ്മീഷൻ, പലിശ മറ്റു വരവുകൾ എന്നിവ ബാങ്കിന്റെ അതാതു വർഷത്തെ ലാഭനഷ്ടക്കണക്കിൽ ഉൾപ്പെടുത്തുന്നതാണ്.

24. ഈ സ്കീമിൽ ചേരുന്നതിനും പണം കൈപ്പറ്റുന്നതിനും ആവശ്യമായ അപേക്ഷാഫാറങ്ങൾ ബാങ്കിൽനിന്നും നിശ്ചിത വിലയ്ക്ക് ലഭിക്കുന്നതാണ്.

25. ഒരംഗം സ്കീമിൽ ചേരുമ്പോൾതന്നെ ഇതുസംബന്ധിച്ചുള്ള നിബന്ധനകൾ വായിച്ചംഗീകരിച്ചതായും നിലവിലുള്ളതും ഭാവിയിൽ കൂട്ടിച്ചേർക്കുന്നതും ഭേദഗതി വരുത്തുന്നതുമായ എല്ലാ നിബന്ധനകളും അംഗീകരിക്കുന്നതായും കണക്കാക്കുന്നതാണ്.

26. ഈ സ്കീം സംബന്ധമായി അംഗങ്ങൾക്കുള്ള അവകാശത്തിന് അനന്തരാവകാശികളെ അപേക്ഷയിൽ നിർദ്ദേശിക്കാവുന്നതാണ്.

27. ഈ സ്കീം സംബന്ധിച്ച് വല്ല തർക്കവും ഉണ്ടായാൽ അതിന്മേൽ സഹ. സംഘം ജോ: രജിസ്ട്രാറുടെ തീരുമാനം അന്തിമമായിരിക്കും.

28. ഓരോ യൂണിറ്റ് പദ്ധതിയും ആരംഭിക്കുന്നതിനു മുമ്പായി ജോയിന്റ് രജിസ്ട്രാറുടെ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

29. ഓരോ പദ്ധതിയുടെയും തുല്യമായ തുക കാലാവധി തീരുന്നതുവരെ ട്രഷറിയിലോ ജില്ലാബാങ്കിലോ അടയ്ക്കേണ്ടതാണ്.

30. പദ്ധതികൾ ആഡിറ്റിന് വിധേയമാക്കേണ്ടതും അവയുടെ സ്റ്റേറ്റ്മെന്റുകൾ വാർഷിക ആഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

31. ഒരു സമയം ഒരുലക്ഷം രൂപയിൽ കൂടുതൽ അധികരിച്ചുള്ള സ്കീം ആരംഭിക്കാവുന്നതല്ല.

32. ഓരോ യൂണിറ്റ് പദ്ധതിയുടെയും ലഭിക്കാവുന്ന കമ്മീഷന്റെ രണ്ടു ശതമാനം തുക ഗവ. ട്രഷറിയിൽ മുൻകൂർ അടയ്ക്കേണ്ടതാണ്.

33. ഓരോ യൂണിറ്റ് പദ്ധതിയുടെയും ബാങ്കിന് ലഭിക്കാവുന്ന കമ്മീഷനിൽനിന്നും ഓരോ തവണകൾ ഗ്രൂപ്പ് സമയത്തിനു മുമ്പ് പണം അടയ്ക്കുന്ന പിടിച്ചവരും പിടിക്കാത്തവരുമായ അംഗങ്ങൾക്ക് 1% ത്തിൽ അധികരിക്കാത്ത തുക റഡി കമ്മീഷനായി നൽകാവുന്നതാണ്.

സ്കീം നിബന്ധന പകർപ്പും പാസ്സ് ബുക്കും കൈപ്പറ്റിയിരിക്കുന്നു.